ഉത്തരം

(എ) ഇല്ല. എന്നാൽ പട്ടികജാതി പട്ടികവർഗ്ഗക്കാർ മാത്രം അംഗങ്ങളായി രൂപീകരിക്കപ്പെട്ട മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾക്ക് ബസ്സ് വാങ്ങി സർവ്വീസ് നടത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഓരോ ജില്ലയിലുമുള്ള പട്ടികജാതി പട്ടികവർഗ്ഗ മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾ വാങ്ങി സർവ്വീസ് നടത്തുന്ന ബസ്സുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	2
കൊല്ലം	3
എറണാകുളം	5
പത്തനംതിട്ട	3
തൃശൂർ	3
പാലക്കാട്	2
മലപ്പുറം	2
കോഴിക്കോട്	2
കണ്ണൂർ	2
കാസർകോഡ്	2
ആകെ	36

മിശ്രവിവാഹ ദമ്പതികൾക്കുള്ള ധനസഹായം

35 [39] ശ്രീ. സി.കെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.

(എ) ഈ സർക്കാർ വന്നതിനുശേഷം മിശ്രവിവാഹ ദമ്പതികൾക്ക് കൊടുത്തുവരുന്ന 2,000 രൂപ ധനസഹായത്തിനുവേണ്ടി ആകെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) എത്ര അപേക്ഷകർക്ക് ഇതിനകം ധനസഹായം കൊടുത്തിട്ടുണ്ട്;

(സി) എത്ര അപേക്ഷകൾ തീരുമാനം ആകാതെ കെട്ടിക്കിടക്കുന്നു എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി—പട്ടികവർഗ്ഗത്തിൽപ്പെട്ടവരും, പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെടാത്തവരുമായ മിശ്രവിവാഹ ദമ്പതിമാരിൽ നിന്നും 3608 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) 3475. ഇതിൽ 1981–82–നു മുൻപ് അപേക്ഷിച്ച പട്ടികജാതി—പട്ടികവർഗ്ഗത്തിൽപ്പെടാത്ത മിശ്രവിവാഹ ദമ്പതിമാരും ഉൾപ്പെടുന്നു.

(സി) 691.

LIBRARY ARCHIVES Kerala Legislative Assembly